III ഇ.ബി. XII-കേരള നിയമസഭ /V-5

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 ജൂൺ 27, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*121, *122 & *123) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II. അടിയന്തിരപ്രമേയ നോട്ടീസ്

ആയിരക്കണക്കിന് സാധാരണക്കാരായ നിക്ഷേപകരെ വഞ്ചിക്കുകയും ഗുരുതരമായ ക്രമക്കേടുകൾ കാണിക്കുകയും ചെയ്ത 'ലിസ്' എന്ന ധനകാര്യ സ്ഥാപനത്തിനെതിരെയുള്ള അന്വേഷണം മരവിപ്പിക്കാൻ ശ്രമിക്കുകയും മറ്റൊരു പേരിൽ ധനകാര്യ സ്ഥാപനം നടത്താൻ അനുമതി നൽകുകയും ചെയ്ത ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ വി.ഡി. സതീശനും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിര പ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത് സർക്കാരുമായി നേരിട്ട് ബന്ധമില്ലാത്ത വിഷയം

ആയതിനാൽ അടിയന്തര പ്രമേയാവതരണത്തിന് അനുമതി നൽകുന്നില്ലെന്നും ഈ വിഷയം സബ്മിഷനായി ഉന്നയിക്കുന്നതിന് ശ്രീ വി.ഡി. സതീശന് അവസരം നൽകുന്നതാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) മണൽ വാരുന്നതിലും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിലും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണത്തിന്റെ ഫലമായി അനുഭവപ്പെടുന്ന മണൽ, മെറ്റൽ തുടങ്ങിയ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യംമൂലം നിർമ്മാണ രംഗത്ത് ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധിയിലേയ്ക്ക് ശ്രീ. ആനത്തലവട്ടം ആനന്ദൻ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ലിന്റെ വില കൊടുത്തുതീർക്കാത്തതുമൂലം കുട്ടനാട്ടിലെ കർഷകർ അഭിമുഖീകരി ക്കുന്നതായി പറയപ്പെടുന്ന പ്രശ്നത്തിലേയ്ക്ക് ശ്രീ. തോമസ് ചാണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

IV. **സബ്മിഷൻ**

(1) പരിയാരം സഹകരണ മെഡിക്കൽ കോളേജിലേയ്ക്കുള്ള ജില്ലാ സഹകരണ ബാങ്കിന്റെ നോമിനേഷൻ സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(2) തേക്കടി ചക്കുപള്ളം കുടിവെള്ള പദ്ധതി കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. കെ. ജയചന്ദ്രൻ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(3) പുനലൂർ - ആര്യങ്കാവ് - കോട്ടവാസൽ റോഡിന്റെ പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. കെ.ബി. ഗണേഷ് കുമാർ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(4) കഠിനംകുളം പഞ്ചായത്തിൽ സ്വകാര്യ വ്യക്തി ഭൂമി കയ്യേറിയത് സംബന്ധിച്ച് ശ്രീ. എം.എ. വാഹീദ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(5) കാസർഗോഡ് താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) നദീതീരങ്ങളുടെയും കുളിക്കടവുകളുടെയും സംരക്ഷണത്തിന് ആർ.എം.എഫ്. വിനിയോഗിക്കുന്നത് സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(7) പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഹകരണ ബാങ്കുകൾ പണം ചെലവിടുന്നത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) സ്വാശ്രയ മാനേജ്മെന്റ് മെഡിക്കൽ അസോസിയേഷൻ നടത്തിയ എൻട്രൻസ് പരീക്ഷ തടസ്സപ്പെടുത്തിയത് സംബന്ധിച്ച് ശ്രീ. കെ. ബാബു ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

( പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ ഉമ്മൻ ചാണ്ടിയും സംസാരിച്ചു.)

(9) പ്രകൃതിക്ഷോഭംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ച് സർവ്വശ്രീ സി.കെ.പി. പത്മനാഭൻ, കെ.സി. ജോസഫ്, പി.സി. ജോർജ്, കെ.സി.കുഞ്ഞിരാമൻ, റോഷി അഗസ്റ്റിൻ, വി.എൻ. വാസവൻ എന്നിവരും ശ്രീമതി കെ.കെ. ലതികയും ഉന്നയിച്ച സബ്മിഷനുകൾക്ക് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

## IV. ക്രമപ്രശ്നം

ആലപ്പുഴ നിയോജകമണ്ഡലത്തിൽ 2007 ജൂൺ മാസം 5-ാം തീയതി ധനകാര്യ വകുപ്പുമന്ത്രിയും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും പങ്കെടുത്ത 'എന്റെ മരം പദ്ധതി' യുടെ ജില്ലാതല ഉദ്ഘാടന പരിപാടിയിൽ തന്നെ ക്ഷണിച്ചില്ലെന്നും സ്വന്തം നിയോജകമണ്ഡലത്തിൽ നടക്കുന്ന പരിപാടികളിൽ സ്ഥലം എം.എൽ.എ.-മാരെ പങ്കെടുപ്പിക്കാതിരിക്കുന്നത് ശരിയല്ലെന്നും ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്നും ശ്രീ. കെ.സി. വേണുഗോപാൽ ക്രമപ്രശ്നം ഉന്നയിച്ചു.

2007 ജൂൺ മാസം 5-ാം തീയതി നടന്ന 'എന്റെ മരം പദ്ധതി' എന്ന പരിപാടിയിൽ സ്ഥലം എം.എൽ.എ.-യെ ക്ഷണിക്കാത്തത് ഗവണ്മെന്റ് നിസ്സാരമായി കാണുന്നില്ലെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഈ പരിപാടിയുടെ ചുമതലക്കാരനായിരുന്ന എ.സി.എഫ്.-നെ സ്ഥലംമാറ്റുന്ന തിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്നും എം.എൽ.എ-മാർക്ക് അർഹിക്കുന്ന മാന്യതയും അവകാശവും കൊടുക്കണമെന്നുതന്നെയാണ് ഗവണ്മെന്റിന്റെ കാഴ്ചപ്പാടെന്നും വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയും ഗവണ്മെന്റ് പരിപാടികളിൽ സ്ഥലം എം.എൽ.എ.-മാരെ ക്ഷണിക്കാത്തത് പ്രത്യക്ഷത്തിൽ ഒരു വീഴ്ച തന്നെയാണെന്നും സർക്കാരിന്റെ പരിപാടിയിൽ മന്ത്രിമാർ കഴിഞ്ഞാൽ സ്ഥലം എം.എൽ.എ.-യ്ക്കാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും വിശദീകരിച്ചു.

സഭയിൽ പല പ്രാവശ്യം ഇക്കാര്യം ചർച്ച ചെയ്തിട്ടുള്ളതാണെന്നും ഗവണ്മെന്റ് പരിപാടികൾ നടത്തുന്ന സന്ദർഭത്തിൽ എം.എൽ.എ-മാർക്ക് അർഹമായ പരിഗണന നൽകിയേ തീരൂവെന്നും മന്ത്രിമാർ അത് ഉറപ്പു വരുത്തണമെന്നും മന്ത്രിസഭയിൽ ഇക്കാര്യം ചർച്ച ചെയ്ത് നടപ്പാക്കാനാവശ്യമായ നടപടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സ്വീകരിക്കണമെന്നും ഇനി ഇത്തരം കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാനുള്ള അവസരം ഉണ്ടാകരുതെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

(സർവ്വശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ജി. കാർത്തികേയൻ, ആര്യാടൻ മുഹമ്മദ് എന്നീ അംഗങ്ങളും സംസാരിച്ചു.)

## V. ധനകാര്യം

### 2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,63,99,000 രൂപ അനുവദിക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രിയും ഭുനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 134,15,34,000 രൂപയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 169,98,69,000 രൂപയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 132,33,24,000 രൂപയും അനുവദിക്കണമെന്ന പ്രമേയം റവന്യൂ വകുപ്പുമന്ത്രിയും അവതരിപ്പിക്കുകയും പ്രമേയങ്ങളെ നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പിന്താങ്ങുകയും ചെയ്തു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭുനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും

സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തു.

1. ശ്രീ. കെ. ശിവദാസൻ നായർ.
2. ശ്രീ. കെ.കെ. ജയചന്ദ്രൻ
3. ശ്രീ. സി.ടി. അഹമ്മദ് അലി
4. ശ്രീ. പി. തിലോത്തമൻ
5. ശ്രീ. ജോസഫ് എം. പുതുശ്ശേരി
6. ശ്രീ. കെ.പി. മോഹനൻ
7. ശ്രീ. പി. ജെ. ജോസഫ്
8. ശ്രീ. പി.ടി.എ. റഹിം
9. ശ്രീമതി കെ.കെ. ലതിക
10. ശ്രീ. തോമസ് ചാണ്ടി
11. ശ്രീ. ബാബു എം. പാലിശ്ശേരി
12. ശ്രീ. പി.എം.എ. സലാം
13. ശ്രീ. വി.ഡി. സതീശൻ
14. ശ്രീ. പി. കൃഷ്ണപ്രസാദ്
15. ശ്രീമതി ഇ.എസ്. ബിജി മോൾ
16. ശ്രീ. എം. പ്രകാശൻ മാസ്റ്റർ
17. ശ്രീ. കെ.സി. വേണുഗോപാൽ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയ്ക്ക് ധനകാര്യവകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി.

( പ്രതിപക്ഷ നേതാവ് ഉന്നയിച്ച ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി കൃത്യമായ മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്ക്കരിച്ച് പ്രതിപക്ഷം സഭവിട്ട് പുറത്തുപോയി.)

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭുനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2007 ജൂൺ മാസം 28-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.32 -ന് പിരിഞ്ഞു.